4+3=7.

സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ നടപടിക്രമം

## സംഗ്രഹം

തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ക്ഷേത്ര ജീവനക്കാരുടെ സർവ്വീസ് ബുക്ക് കേരളാ സ്റ്റേറ്റ് ആഡിറ്റ് വിഭാഗം പരിശോധിക്കുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ആർ.ഒ.സി. നമ്പർ.11015/17/മിസ്.1 നന്തൻകോട് , 18/11/2017.

---

പരാമർശം : 1. 20.07.2017-ലെ മേൽ നമ്പർ ബോർഡ് ഉത്തരവ്.
2. കേരളാ സ്റ്റേറ്റ് ആഡിറ്റ് വിഭാഗം ജോയിന്റ് ഡയറക്ടറുടെ 26.9.17-ലെ KSATDB/P1/1173/2017-ാം നമ്പർ റിപ്പോർട്ട്.
3. ദേവസ്വം കമ്മീഷണറുടെ 30.10.2017-ലെ ആർ.ഒ.സി.21352/17/ഗ്രാറ്റു. നമ്പർ റിപ്പോർട്ട്.

## ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ക്ഷേത്ര ജീവനക്കാരെ 1.7.2017 മുതൽ ക്ലാസ് 4 ജീവനക്കാരായി അംഗീകരിച്ച് ബോർഡുത്തരവായതിനെ തുടർന്ന് പ്രസ്തുത ജീവനക്കാരുടെ സർവ്വീസ് ബുക്ക് കേരള സ്റ്റേറ്റ് ആഡിറ്റ് വിഭാഗം പരിശോധന നടത്തിയതിനു ശേഷം മാത്രമേ പെൻഷൻ ആനുകൂല്യങ്ങൾ നൽകാവൂ എന്ന് നിർദ്ദേശിച്ച് പരാമർശം (1) ബോർഡ് ഉത്തരവ് പുറപ്പെടുവിച്ചു.

തുടർന്ന് പരാമർശം (2) ആയി ലഭിച്ച കത്തിൽ, ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ കാലാകാലങ്ങളിലുള്ള നിർദ്ദേശങ്ങളും ഉത്തരവുകളും അനുസരിച്ചാണ് തിരുവിതാംകൂർ ദേവസ്വം ബോർഡിലെ എസ്റ്റാബ്ലിഷ്മെന്റ് വിഭാഗം ജീവനക്കാരുടെ ശമ്പള പരിഷ്കരണങ്ങളും പെൻഷൻ ആനുകൂല്യങ്ങളും പരിശോധന നടത്തി അംഗീകാരം നൽകുന്നതെന്നും, ടി ആഫീസിലെ ജീവനക്കാർ അധിക ജോലി ചെയ്താണ് നിലവിൽ ഈ ജോലികൾ പൂർത്തിയാക്കുന്നതെന്നും, ക്ഷേത്ര ജീവനക്കാരുടെ സർവ്വീസ് ബുക്കും പെൻഷൻ ആനുകൂല്യങ്ങളും പരിശോധിക്കുന്നതു കൂടി ഏറ്റെടുത്താൽ നിലവിലെ സാഹചര്യത്തിൽ എസ്റ്റാബ്ലിഷ്മെന്റ് വിഭാഗം ജീവനക്കാരുടെ പെൻഷൻ ബുക്കുകളുടെ പരിശോധനയിലും കാലതാമസം നേരിടുമെന്നും, ടി അധിക ജോലി ഏറ്റെടുക്കുന്നതിനാവശ്യമായ ജീവനക്കാരെ അനുവദിക്കുന്നതിനായി കേരള സ്റ്റേറ്റ് ആഡിറ്റ് വിഭാഗം ഡയറക്ടർക്കും സർക്കാരിനും അറിയിപ്പ് നൽകിയിട്ടുണ്ടെന്നും ഡയറക്ടറുടേയും സർക്കാരിന്റേയും തീരുമാനത്തിനു വിധേയമായി മാത്രമേ ക്ഷേത്ര ജീവനക്കാരുടെ പെൻഷൻ രേഖകളുടെ പരിശോധന ഏറ്റെടുക്കുവാൻ കഴിയുകയുള്ളൂവെന്നും അതുവരെ നിലവിലുള്ള സ്ഥിതി തുടരുന്നതായിരിക്കും ഉചിതമെന്നും കേരള സ്റ്റേറ്റ് ആഡിറ്റ് വിഭാഗം ജോയിന്റ് ഡയറക്ടർ അറിയിച്ചു.

(മറുപുറം)

തുടർന്ന് ദേവസ്വം കമ്മീഷണറുടെ പരാമർശം (3) റിപ്പോർട്ട് ലഭിച്ചു.

പ്രസ്തുത വിഷയം ബോർഡ് ചർച്ച ചെയ്ത് കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കുന്നതുവരെ ക്ഷേത്ര ജീവനക്കാരുടെ സർവ്വീസ് ബുക്കുകളും പെൻഷൻ രേഖകളും പരിശോധിക്കുന്നതിന് നിലവിലുള്ള സംവിധാനം തുടരുന്നതിന് നിർദ്ദേശം നൽകി ബോർഡുത്തരവാകുന്നു.

**തിരുവിതാംകൂർ ദേവസ്വം ബോർഡിനു വേണ്ടി**

Jayasree S

സെക്രട്ടറി

പകർപ്പ് :

1) എല്ലാ ആഫീസ് മേധാവികൾക്കും
2) സെക്ഷൻ ഫയൽ
3) ഫയൽ ബുക്ക്
4) ആഫീസ് കോപ്പി